പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത 16.06.2014 ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നം: **1837**

## ഇടുക്കി ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിലിനെതിരെയുള്ള വധശ്രമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>" എസ്. ശർമ്മ<br>" കെ. സുരേഷ് കുറുപ്പ്<br>" എ.എം.ആരിഫ് | ശ്രീ. രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി ബിഷപ്പ് മാർ മാത്യു ആനിക്കുഴിക്കാട്ടിലിനെ ബിഷപ്പ്ഹൗസിനു മുന്നിൽ ബോംബെറിഞ്ഞ് വധിക്കാൻ ശ്രമിച്ചത് സംബന്ധിച്ച് പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ ; | (എ) ഇടുക്കി ബിഷപ്പ്ഹൗസ് കോമ്പൗണ്ടിനുള്ളിൽ സ്ഫോടകവസ്തുക്കൾ പൊട്ടിച്ചത് സംബന്ധിച്ച് ഇടുക്കി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 170/14 u/s 143, 147, 148 r/w 149 IPC & Sec. 3(B)(1)(b) of Explosive Act പ്രകാരം രജിസ്റ്റർ ചെയ്ത കേസിന്മേൽ അന്വേഷണം നടന്നുവരുന്നു. |
| (ബി) അന്വേഷണ സംഘം ആരുടെ നേതൃത്വത്തിലുള്ളതാണ്; സംഘത്തിൽ ആരൊക്കെയുണ്ട്; വ്യക്തമാക്കുമോ ; | (ബി) കഞ്ഞിക്കുഴി പോലീസ് ഇൻസ്പെക്ടർ ശ്രീ. എൻ.ആർ. ജയരാജ് ആണ് അന്വേഷണ ഉദ്യോഗസ്ഥൻ. അന്വേഷണത്തിന്റെ മേൽനോട്ടം വഹിക്കുന്നത് ഇടുക്കി ഡി.സി.ആർ.ബി. ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് ശ്രീ. എ.ജി. ലാൽ ആണ്. |
| (സി) അന്വേഷണത്തിന്റെ ഭാഗമായി ആരെയെല്ലാം അറസ്റ്റു ചെയ്യുകയുണ്ടായി; അറസ്റ്റ് ചെയ്യപ്പെട്ടവർ ഏത് രാഷ്ട്രീയ പാർട്ടിയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവരാണ്; | (സി) അന്വേഷണത്തിന്റെ ഭാഗമായി, ജോർജ്ജ് ജോസഫ്, ഷിന്റോ ജോസഫ്, സ്റ്റീഫൻ ജോസഫ് എന്നിവരെ 17.05.2014-ാം തീയതി അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇവർ മൂവരും കോൺഗ്രസ്സ് പ്രവർത്തകരാണ്. കൂടാതെ ജേക്കബ് ജോസഫ് (കേരള കോൺഗ്രസ് (എം) വാഴത്തോപ്പ് മണ്ഡലം പ്രസിഡന്റ്), |

....2

ജിജോ @ ഉണ്ണി (കോൺഗ്രസ്സ് പ്രവർത്തകൻ) എന്നിവർ 21.05.2014-ാം തീയതി ബഹു. കോടതിയിൽ നിന്നും ജാമ്യം നേടിയിട്ടുള്ളതാണ്.

(ഡി) വധശ്രമത്തിനു പിന്നിലുണ്ടായ ഗൂഢാലോചന സംബന്ധിച്ച അന്വേഷണം നടക്കുന്നുണ്ടോ; ഏതെല്ലാം വകുപ്പുകൾ പ്രകാരം ആർക്കെല്ലാമെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ ?

(ഡി) പ്രസ്തുത സംഭവത്തെ സംബന്ധിച്ച് വിശദമായ അന്വേഷണം നടത്തിവരുന്നു. ഇടുക്കി പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 170/14 u/s 143, 147, 148 r/w 149 IPC & Sec. 3(B)(1)(b) of Explosive Act പ്രകാരം (സി) പിരിവിൽ വിവരിക്കുന്ന അഞ്ച് പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ